**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകൃത പന്തളം ടൗൺ മാസ്റ്റർ പ്ലാൻ - തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

**സ.ഉ.(കൈ) നം. 178/2020 /ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/11/2020

---

പരാമർശം:-

1. 14/10/2019-ലെ സ.ഉ.(കൈ) നം. 128/2019/തസ്വഭവ
2. പന്തളം നഗരസഭ സെക്രട്ടറിയുടെ 11/05/2020-ലെ ഇ 1-17044/19 നമ്പർ കത്ത്.
3. മുഖ്യനഗരാസൂത്രകന്റെ 23/09/2020 - ലെ ടിസിപിസിടിപി/1481/2020-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവ് പ്രകാരം പന്തളം ടൗൺ മാസ്റ്റർ പ്ലാനിന് സർക്കാർ പ്രസിദ്ധീകരണാനുമതി നല്കിയിരുന്നു.

(2) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(4) പ്രകാരം മാസ്റ്റർപ്ലാൻ സംബന്ധിച്ച ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സ്പെഷ്യൽ കമ്മിറ്റി നഗരസഭ രൂപീകരിച്ചിരുന്നു. കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(6) പ്രകാരം ഈ സ്പെഷ്യൽ കമ്മിറ്റി ആക്ഷേപങ്ങളിലും അഭിപ്രായങ്ങളിലും ആവശ്യമെങ്കിൽ നേരിൽ കേട്ട ശേഷം നടപടി സ്വീകരിച്ച് നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിലിന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ നിശ്ചയിച്ച സമയപരിധി മുതൽ അറുപത് ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.

(3) പ്രസിദ്ധീകൃത പന്തളം മാസ്റ്റർപ്ലാൻ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നുള്ള പരാതികളിന്മേലുള്ള ഹിയറിംഗ് ലോക്ഡൗൺ മൂലം നടക്കാത്ത സാഹചര്യത്തിൽ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(6) പ്രകാരമുള്ള ഹിയറിംഗിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള അറുപത് ദിവസമെന്ന സമയപരിധി നിലവിലെ പ്രത്യേക സാഹചര്യത്തിൽ നീട്ടി നല്കണമെന്ന് പരാമർശം 2 പ്രകാരം പന്തളം നഗരസഭ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

(4) കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(11) പ്രകാരം മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ആക്ടിലെ വകുപ്പ് 36(3) മുതൽ 36(8) വരെയുള്ളതിൽ പരാമർശിച്ചിരിക്കുന്ന സമയപരിധി ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ ദീർഘിപ്പിക്കുവാൻ സർക്കാരിന് അധികാരമുണ്ട്.

(5) കോവിഡ് - 19 മഹാമാരിയുടെ സാഹചര്യത്തിലുള്ള നിയന്ത്രണങ്ങൾ കണക്കിലെടുത്ത് പന്തളം മുനിസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടതു പ്രകാരം കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(6), 36(7) പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുവാൻ 31/03/2021 വരെ സമയപരിധി ദീർഘിപ്പിച്ചു നല്കാവുന്നതാണെന്ന് പരാമർശം 3 പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകൃത പന്തളം ടൗൺ മാസ്റ്റർ പ്ലാനിന്മേൽ 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(6), 36(7) പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ആക്ടിന്റെ വകുപ്പ് 36(11) പ്രകാരം 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദാ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
2. സെക്രട്ടറി, പന്തളം നഗരസഭ
3. ടൗൺ പ്ലാനർ, പത്തനംതിട്ട (മുഖ്യനഗരാസൂത്രകൻ ) മുഖേന
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sh

സെക്ഷൻ ഓഫീസർ.